12815
19/4/19
6/7/19

## APPENDIX H4
## Notice

This is to inform Dr.Sameera.N.S, Assistant Professor, Pathology Department,Government Medical College, Thiruvananthapuram that memo of charges with statement of allegations containing specific charges against you were issued on 27.11.2018 vide Letter No.333/B1/2018 dated 25.11.2018 to the Director of Medical Education (Director of Medical Education Vide letter No.E3/37511/2018/GMCT dated 18.12.2017 and 10.01.2018) in your last known address directing you to submit you written statement of defence/explanation as to why disciplinary action as contemplated under Kerala Civil Services (Classification, Control and Appeal) Rules 1960 should not be taken against you. But the cover containing the Charge Memo were returned to the Department undelivered by the postal authorities with endorsement, Addressee out of India. Hence Vide letter No.E3/37511/2018/GMCT dated 28.02.2018 the same has been communicated to your known address abroad and also e-mailed to your mail ID and for the same you were not responded yet. So you may please take notice that if within 15 days from the date of publication of this notice, your written statement of defence or other explanation against the charges framed against you is not received, it will be presumed that you have no defence to put farther and further action will be taken accordingly. You may obtain the full text of the memo of charges with the statement of allegations/show cause memo from Under Secretary, Health & Family Welfare (B) Department, Government Secretariat, Thiruvananthapuram during office hours in his office on an application made by you, furnishing your addresses to which it is to be sent prior to the stipulated period. The details are also published in the Government website.

Principal Secretary
Health & Family Welfare Department,
Government Secretariat

To

Dr.Sameera.N.S, Assistant Professor, Pathology,
Government Medical College, Thiruvananthapuram

## ആരോപണ വിവരണം

ഡോ.സമീറ അൻസർ, തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ പത്തോളജി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായി ജോലി ചെയ്തു വരവെ 22.11.2012 മുതൽ 5 വർഷത്തെ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും പ്രസ്തുത അവധിയ്ക്കു ശേഷം ജോലിയിൽ തിരികെ പ്രവേശിക്കാതെ 5 വർഷം കൂടി ദീർഘിപ്പിച്ച് നൽകണമെന്നപേക്ഷിച്ച് ജോലിയിൽ നിന്നും വിട്ടു നിൽക്കുകയാണ്. എന്നാൽ പ്രസ്തുത അവധി അനുവദിക്കാനാകില്ലെന്നും ആയതിനാൽ അറിയിപ്പ് ലഭ്യമായി 10 ദിവസങ്ങൾക്കുള്ളിൽ ജോലിക്ക് ഹാജരാകണമെന്നും അല്ലാത്ത പക്ഷം അച്ചടക്ക നടപടികൾ ആരംഭിക്കുന്നതാണെന്നും 01.08.2018 തീയതിയിലെ ജി-2/13672/2012/ഡി.എം.ഇ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത അറിയിപ്പ് ലഭ്യമായതിന് ശേഷവും നാളിതുവരെ ജോലിക്ക് ഹാജരായിട്ടില്ല.

അനധികൃതാവധിയിൽ തുടർന്ന് കേരള സിവിൽ സർവ്വീസ് ചട്ടങ്ങൾക്കും പെരുമാറ്റ ചട്ടങ്ങൾക്കും വിരുദ്ധമായി പ്രവർത്തിച്ചിട്ടുള്ളതിനാൽ ഗുരുതരമായ അച്ചടക്ക ലംഘനം നടത്തിയിട്ടുള്ളതാകുന്നു. നിലവിലെ സർവീസ് ചട്ടങ്ങൾ പാലിക്കാത്ത സാഹചര്യത്തിൽ ടി കേരള സിവിൽ സർവീസ് ചട്ടങ്ങൾ പ്രകാരം കടുത്ത ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

ആയതിനാൽ കുറ്റാരോപണ പത്രിക നൽകുന്നു.

## കുറ്റാരോപണ പത്രിക നൽകുവാൻ ആശ്രയിച്ചിട്ടുള്ള രേഖകൾ

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ നൽകിയിട്ടുള്ള 01.08.2018 തീയതിയിലെ ജി-2/13672/2012/മെവിവ നം. കത്ത്.

രാജീവ് സദാനന്ദൻ
അഡീഷണൽ ചീഫ് സെക്രട്ടറി

Scanned by CamScanner

കേരളസർക്കാർ

നം.333/ബി1/2018/ആകുവ

ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ്
തിരുവനന്തപുരം, തീയതി, 25.11.2018

<u>കുറ്റാരോപണ പത്രിക</u>

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ പത്തോളജി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായി ജോലി നോക്കുന്ന ഡോ.സമീറ അൻസറിനെതിരെയുള്ള ചാർജ്ജ്.

ഡോ.സമീറ അൻസർ എന്ന താങ്കൾ . തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ പത്തോളജി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായി ജോലി ചെയ്തു വരവെ താങ്കൾക്ക് 22.11.2012 മുതൽ 5 വർഷത്തെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത അവധിയ്ക്കു ശേഷം 22.11.2017 ൽ ജോലിയിൽ തിരികെ പ്രവേശിക്കേണ്ട താങ്കൾ 5 വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് നൽകണമെന്ന് അപേക്ഷ നൽകി ജോലിയിൽ നിന്നും വിട്ടുനിൽക്കുകയാണുണ്ടായത്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ പത്തോളജി വിഭാഗം വകുപ്പ് മേധാവി ശിപാർശ ചെയ്തതിനെ തുടർന്ന് താങ്കളുടെ അവധി അപേക്ഷ നിരസിക്കുകയും 10 ദിവസത്തിനകം തിരികെ ജോലിയിൽ പ്രവേശിക്കണമെന്ന് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ 01.08.2018 തീയതിയിൽ താങ്കൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. എന്നാൽ നാളിതു വരെയായിട്ടും താങ്കൾ ജോലിയിൽ തിരികെ പ്രവേശിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 22.11.2012 മുതൽ താങ്കൾ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുകയാണ്.

താങ്കൾക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾക്കു കീഴിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കാതിരിക്കാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ ആയത് കാണിക്കുവാൻ താങ്കളോട് ഇതിനാൽ ആവശ്യപ്പെടുന്നു. താങ്കൾക്ക് പ്രതിവാദ പത്രിക നൽകുന്നതിനായി ഈ കുറ്റാരോപണ പത്രിക ലഭിക്കുന്ന തീയതി മുതൽ 15 ദിവസം അനുവദിക്കുന്നു. നിർദ്ദേശിച്ച സമയത്തിനുള്ളിൽ നിങ്ങളുടെ പത്രിക ലഭിക്കുന്നില്ലെങ്കിൽ താങ്കൾക്ക് യാതൊരു വിശദീകരണവും നൽകുവാനില്ലെന്നുള്ള അനുമാനത്തിൽ നടപടികൾ തുടരുന്നതാണ്. താങ്കളെ നേരിട്ട് കേൾക്കുവാൻ ആഗ്രഹിക്കുന്നുണ്ടോ എന്നുകൂടി അറിയിക്കുവാൻ ആവശ്യപ്പെടുന്നു. ആരോപണം സംബന്ധിച്ച സ്റ്റേറ്റ്മെന്റിൽ പറഞ്ഞിട്ടുള്ള പ്രസക്ത രേഖകൾ താങ്കൾക്ക് പരിശോധിക്കാവുന്നതും ആയതിന് ആഗ്രഹിക്കുന്നുവെങ്കിൽ പ്രതിവാദത്തിനുള്ള താങ്കളുടെ പത്രിക സമർപ്പിക്കേണ്ട അവസാന തീയതിയ്ക്കു മുമ്പുള്ള ഏതെങ്കിലും പ്രവൃത്തി ദിവസം താങ്കളുടെ അപേക്ഷയിന്മേൽ മുൻകൂട്ടി നിശ്ചയിച്ച്, അണ്ടർ സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ അവയിൽ നിന്നുള്ള ആവശ്യമായ ഭാഗങ്ങൾ എഴുതിയെടുക്കാവുന്നതാണ്.

--- (2)

Scanned by CamScanner

2

മേൽപ്പറഞ്ഞ ചാർജ്ജുകൾക്ക് ആധാരമായ ആരോപണവിവരണം ഇതോടൊപ്പം ചേർത്തിരിക്കുന്നു.

രാജീവ് സദാനന്ദൻ
അഡീഷണൽ ചീഫ് സെക്രട്ടറി

ഡോ. സമീറ അൻസർ
അസിസ്റ്റന്റ് പ്രൊഫസർ,
പത്തോളജി വിഭാഗം
സർക്കാർ മെഡിക്കൽ കോളജ്, തിരുവനന്തപുരം
(മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖേന)

Scanned by CamScanner